യാണ്. പ്രസ്തുത വിശദീകരണം അക്കൗണ്ടന്റ് ജനറലിന് ലഭിച്ചതിനുശേഷം മാത്രമേ പെൻഷൻ വിതരണം ചെയ്തു തുടങ്ങുകയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) 19.5.1999-ൽ ലഭിച്ചു. മറുപടി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി)&(എച്ച്) അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച കാര്യങ്ങൾ ഉൾപ്പെടെ വിശദമായ മറുപടി നൽകാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പെൻഷൻ പ്രായം ഉയർത്തൽ

59 (104) ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.എ. ചന്ദ്രൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻപ്രായം ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പെൻഷൻ പ്രായം ഉയർത്തുന്നതുകൊണ്ടുള്ള ഗുണദോഷങ്ങൾ എന്തെല്ലാമാണ്;

(സി) പെൻഷൻ പ്രായം ഉയർത്താത്തപക്ഷം 2000-മാണ്ട് മാർച്ച് മാസത്തിൽ എത്ര റിട്ടയർമെന്റുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു;

(ഡി) പെൻഷൻ പ്രായം ഉയർത്തുന്നപക്ഷം തൊഴിലില്ലാതെ നിൽക്കുന്ന അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ജോലി ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) കൃത്യമായ കണക്ക് ലഭ്യമല്ല. മുൻവർഷങ്ങളിലെ റിട്ടയർമെന്റ് നിരക്കിന്റെ ശരാശരി നോക്കിയാൽ ഉദ്ദേശം 20,000 പേർ റിട്ടയർ ചെയ്യും.

(ഡി) 'എ' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി

60 (105) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വിവിധ വകുപ്പുകളിൽ ദിവസക്കൂലിയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏത് കാലയളവുവരെയുള്ളവരെയാണ് സ്ഥിരപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളത്; ഇതിനായി വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർക്കുലറിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) വളരെ കുറഞ്ഞ വേതനം പറ്റി ദിവസക്കൂലിയിൽ ഇപ്പോഴും വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന 3 വർഷം പൂർത്തിയായവരെ കൂടി സർവീസിൽ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ)-(സി) പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർവീസിൽ 1.11.1997 നു മുൻപായി താല്ക്കാലിക സർവീസിൽ പ്രവേശിപ്പിച്ചവരും 13.1.1995 ൽ 7 വർഷം പൂർത്തിയാക്കി സർവീസിൽ തുടർന്നു വന്നിരുന്നതുമായ ദിവസ വേതനക്കാർ, കോൺട്രാക്ട് എംപ്ലോയീസ്, പി.ടി. കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാരെ താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി സർവീസിൽ തുടരാൻ അനുവദിക്കേണ്ടതാണെന്ന് അറിയിച്ചു കൊണ്ട് 9.3.95 ൽ 9516/അഡ്വെസ്-സി1/92/പി.ആന്റ് എആർഡി എന്ന സർക്കുലർ പുറപ്പെടുവിച്ചു (പകർപ്പ് അടക്കം ചെയ്തിരിക്കുന്നു.)†

i) താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്ന തസ്തികകൾ (പാർട്ട് ടൈം കണ്ടിജന്റ് തസ്തികകൾ ഒഴികെ) ക്രമപ്രകാരം അനുവദിക്കപ്പെട്ട തസ്തികകൾ (സാങ്ഷൻഡ് പോസ്റ്റ്) ആയിരിക്കണം.

ii) താൽക്കാലിക ജീവനക്കാർക്ക് അതാതു തസ്തികകൾക്ക് വേണ്ട നിർദ്ദിഷ്ട യോഗ്യത ഉണ്ടായിരിക്കണം.

iii) അവർ 1.11.1987 ന് മുൻപ് നിയമിക്കപ്പെട്ടവരും ദിവസക്കൂലിയുടെയോ മാസ ശമ്പളത്തിന്റെയോ അടിസ്ഥാനത്തിൽ 7 വർഷത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ളവരും സർവീസിൽ തുടർന്നു വരുന്നവരും ആയിരിക്കണം.

താൽക്കാലിക ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനെതിരെ ജ്യോതി എസ്.എസ്, എന്നൊരാൾ ഹൈക്കോടതിയിൽ ഒ.പി. (നം.20042/98) ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതി 9.3.95 ലെ ഗവൺമെന്റ് സർക്കുലറിലെ വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സ്റ്റേ ചെയ്തിരിക്കയുമാണ്. ഇക്കാര്യത്തിൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ മേൽ നടപടികൾ കൈക്കൊള്ളാൻ നിർവാഹമുള്ളു. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് അടിയന്തിരനടപടികൾ കൈക്കൊള്ളാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly